"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

മത്സ്യബന്ധന വകുപ്പ്-"Development of Vannamei Shrimp Farming"2022-24 -എന്ന പദ്ധതിയുടെ പൂർത്തീകരണത്തിന് തുക അനുവദിക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**മത്സ്യബന്ധന(സി) വകുപ്പ്**

സ.ഉ.(സാധാ) നം.389/2024/F&P തീയതി,തിരുവനന്തപുരം, 12-07-2024

---

പരാമർശം:-
1. സ.ഉ(സാധാ)നം.180/2023/F&P തീയതി 25.02.2023
2. സ.ഉ(സാധാ)നം.736/2023/F&P തീയതി 18.09.2023
3. സ.ഉ(സാധാ)നം.171/2024/F&P തീയതി 16.03.2024
4. ഫിഷറീസ് ഡയറക്ടറുടെ 10.05.2024 തീയതിയിലെ DFTVM/784/2023-C1 നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

അഡാക്ക് മുഖേന 500 ha പ്രദേശത്ത് വനാമി കൃഷി ചെയ്യുന്നതിനായി 144 കോടി രൂപ അടങ്കൽ തുക വരുന്ന "Development of Vannamei Shrimp Farming "പദ്ധതിയ്ക്ക് പരാമർശം(1) പ്രകാരം ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.പ്രസ്തുത പദ്ധതിയിലെ സംസ്ഥാന വിഹിതം 32 കോടി രൂപയും ഗുണഭോക്തൃവിഹിതം 112 കോടി രൂപയുമാണ്.പദ്ധതിയിലെ സബ്സിഡി തുക കുറവായതിനാൽ പദ്ധതിയിൽ വിഭാവനം ചെയ്ത പ്രകാരം 500 ha പ്രദേശത്ത് വനാമി കൃഷിയ്ക്കായി ഗുണഭോക്താക്കളെ ലഭിക്കാൻ സാധിക്കുന്നില്ലെന്നും ആയതിനാൽ പദ്ധതി പ്രദേശം 100 ha ആയി കുറച്ച് നൽകണമെന്ന് അഡാക്ക് ആവശ്യപ്പെട്ട പ്രകാരം പുതുക്കിയ പ്രൊപ്പോസൽ സമർപ്പിക്കുകയും അതിൻ പ്രകാരം പരാമർശം(3) പ്രകാരം 100 ha പ്രദേശത്ത് വനാമി കൃഷി ചെയ്യുന്നതിനായി 3001.04 ലക്ഷം രൂപ അടങ്കൽ തുക വരുന്ന പുതുക്കിയ ഭരണാനുമതി ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.

2)പ്രസ്തുത പദ്ധതിയുടെ നിർവ്വഹണവുമായി ബന്ധപ്പെട്ട പ്രവർത്തികൾക്കായി മാനേജിംഗ് ഡയറക്ടർ, അഡാക്കിന് പരാമർശം(2) പ്രകാരം നൽകിയ ഉത്തരവിന്റെ അടിസ്ഥാനത്തിൽ 117.11 ലക്ഷം രൂപ അനുവദിച്ച് നൽകുകയും ടി തുക പൂർണ്ണമായും ചെലവഴിച്ചിട്ടുണ്ടെന്നും പദ്ധതിയുടെ പൂർത്തീകരണത്തോടനുബന്ധിച്ച് താഴെ പറയുന്ന പ്രകാരം 68.43 ലക്ഷം രൂപ 2405-00-101-54-34-3(പി) ശീർഷകത്തിൽ നിന്നും മാനേജിംഗ് ഡയറക്ടർ,അഡാക്കിന് നൽകണമെന്ന് പരാമർശം (4) പ്രകാരം ഫിഷറീസ് ഡയറക്ടർ അപേക്ഷിച്ചിരുന്നു.

| Sl No. | Particulars | Revised State Share (Rs.in lakh) | Amount already released (Rs.in lakh) | Amount requested (Rs.in lakh) |
|---|---|---|---|---|
| 1. | Power line extension and installation of transformer through KSEB | 100 | 64.31 | 35.69 |
| 2. | Establishment of diagnostic laboratory | 42.4 | 10.00 | 16.9 |
| 3. | Capacity building programme & IEC activities | 2.80 | 5.00 | 0 |
| 4. | Charges to consultant | 10.00 | 3.00 | 4.8 |
| 5. | Project Coordinators @Rs.40000(2nos) for 1 year | 9.60 | 4.80 | 4.80 |
| 6. | Installation overhead to ADAK | 36.24 | 30.00 | 6.24 |
| Total | | 201.04 | 117.11 | 68.43 |

3) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. **Development of Vannamei Shrimp Farming-** എന്ന പദ്ധതിയുടെ പൂർത്തീകരണത്തിനായി **68.43** ലക്ഷം രൂപ ബന്ധപ്പെട്ട ബില്ലുകൾ പരിശോധിച്ച് തുകയുടെ ആധികാരികത ഉറപ്പു വരുത്തേണ്ടതാണെന്ന വ്യവസ്ഥയിൽ **2405-00-101-54-34-3(പി)** ശീർഷകത്തിൽ നിന്നും മാനേജിംഗ് ഡയറക്ടർ, അഡാക്കിന് അനുവദിക്കുന്നതിനുള്ള അനുമതി ഫിഷറീസ് ഡയറക്ടർക്ക് നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**K J SALINI**

ജോയിന്റ് സെക്രട്ടറി

ഫിഷറീസ് ഡയറക്ടർ , തിരുവനന്തപുരം

മാനേജിംഗ് ഡയറക്ടർ,അഡാക്ക്, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടൻറ് ജനറൽ, (ആഡിറ്റ്) കേരളം, തിരുവനന്തപുരം
അക്കൗണ്ടൻറ് ജനറൽ, (എ & ഇ) കേരളം, തിരുവനന്തപുരം
ധനകാര്യവകുപ്പ്(ധനകാര്യ ഡബ്യൂ.സി.ഡി. വകുപ്പിന്റെ 24.06.2024 ലെ -2/245/2023-ധന പ്രകാരം)
ഡെപ്യൂട്ടി ഡയറക്ടർ II, വെബ് & ന്യൂ മീഡിയ തിരുവനന്തപുരം
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ